بسم الله الرحمن الرحيم

# യുവാക്കളോടുള്ള ഉപദേശം

“ അല്ലാഹുവിന്റെ അനുമതിയോടെയല്ലാതെ ഒരു വിപത്തും (ആരെയും) ബാധിക്കുന്നില്ല. ആരെങ്കിലും അല്ലാഹുവിൽ വിശ്വസിക്കുന്നതായാൽ അവന്റെ ഹൃദയത്തെ അല്ലാഹു നേർവഴിയിലാക്കും. അല്ലാഹു സകല കാര്യങ്ങളെക്കുറിച്ചും നല്ലപോലെ അറിവുള്ളവനാകുന്നു. നിങ്ങൾ അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുക. എന്നാൽ, നിങ്ങൾ പിന്തിരിഞ്ഞു പോകുന്ന പക്ഷം (മനസ്സിലാക്കുക). നമ്മുടെ ദൂതന്റെ (ബാധ്യത) സ്പഷ്ടമായ നിലയിൽ സന്ദേശമെത്തിക്കുക മാത്രമാണ്.” (64 : 12 – 13).

അല്ലാഹുവിലും അവൻ തെരഞ്ഞെടുത്തയച്ച ദൂതനിലും തങ്ങൾ വിശ്വസിക്കുവെന്ന് ഒരു പ്രവാചകന്റെ അനുചരന്മാർ പ്രഖ്യാപിക്കുമ്പോൾ കാഠിന്യമേറിയ പരീക്ഷണങ്ങളെ അവർക്ക് അഭിമുഖീകരിയ്ക്കേണ്ടി വരുന്നു. ഈ വസ്തുതയുടെ യാഥാർത്ഥ്യം ഗ്രഹിയ്ക്കുവാൻ കഴിഞ്ഞുപോയ പ്രവാചകന്മാരുടേയും അവരുടെ അനുചരന്മാരുടേയും അനുഭവങ്ങൾ നമുക്ക് മുന്നിലുണ്ട്. ഇന്നാകട്ടെ, അത്തരം തടസ്സങ്ങളിലൂടെ നാം കടന്നു പോകുന്നു. എല്ലാവിധ ആക്ഷേപങ്ങളും ഒരു പരിധിയും ഇല്ലാതെ നമ്മുക്കെതിരിൽ ഉന്നയിക്കപ്പെടുന്നു. തന്റെ ചെറു പ്രായത്തിൽ തന്നെ ഈ കാലഘട്ടത്തിലെ ദൈവീക പ്രഭാവത്തിനു സാക്ഷ്യം വഹിയ്ക്കാനും ഇപ്പോഴത്തെ മസീഹിന്റെ സത്യതയും അല്ലാഹു (ത) വിന്റെ സന്ദേശങ്ങളാണ് അദ്ദേഹത്തിന് ലഭിക്കുന്നതെന്ന യാഥാർത്ഥ്യവും വെളിപാടുകളിലൂടെ ചെറുപ്പത്തിലെ മനസ്സിലാക്കുവാൻ അവസരം ലഭിക്കുകയും ചെയ്തിട്ടും കപടവിശ്വാസി യായിതീർന്ന ഒരാളാണ് ഈ ആക്ഷേപങ്ങൾക്കു പിന്നിൽ. കുറച്ച് വർഷങ്ങൾക്കു മുമ്പ്, മറ്റു ചിലരാകട്ടെ ഈ ദൈവീക പ്രഭാവത്തിൽ നിന്നും സ്വയം തങ്ങളെ വിമോചിപ്പിക്കേണ്ട ‘ ആവശ്യകത ’ തിരിച്ചറിഞ്ഞതായി നാം കണ്ടു. തഹജ്ജുദ് നമസ്കാരത്തിനായി പതിവായി ഉണരുക, വിശുദ്ധ ഖുർ ആൻ പാരായണം ചെയ്യുക, ഇസ്ലാം മത പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ വിഷയങ്ങളിൽ ഇസ്ലാം നമ്മളിൽ നിന്നും പ്രതീക്ഷിക്കുന്നതെന്തോ അതൊക്കെ ചെയ്യാൻ അവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ടു. എല്ലാവർക്കും ചെയ്യുവാൻ കഴിയുന്ന കാര്യങ്ങളല്ല ഇവയെല്ലാം വിശ്വാസത്തിൽ ബലഹീനതയുള്ളവർക്ക് ദീനി പ്രവർത്തികളിൽ വൈഷമ്യം അനുഭവപ്പെടും. അവർ പിന്നീട് കപടവിശ്വാസികളുടെ ലക്ഷണങ്ങൾ പ്രകടമാക്കും. ഭൗതീക സുഖങ്ങൾക്കായുള്ള അവരുടെ തൃഷ്ണ കാരണം അല്ലാഹുവിന്റെ കൽപനകൾ ലംഘിക്കുന്നതിൽ അസാംഗത്യം ഒന്നും അവർ കാണുകയില്ല.

ഇത്തരം സന്ദർഭങ്ങൾ തീർച്ചയായും സംഭവിക്കും . കഴിഞ്ഞുപോയ പ്രവാചകന്മാരുടെ കാലഘട്ടങ്ങളിൽ അങ്ങനെ സംഭവിച്ചിരുന്നു. ഞാൻ മുമ്പ് പല തവണ പറഞ്ഞ കാര്യം ആവർത്തിയ്ക്കുന്നു. ജമാഅത്തെ അഹ്മദിയ്യാ അൽ മുസ്‌ലീമിന്റെ കാലത്തും ഞാനിതു പറഞ്ഞിരുന്നു : ഹൃദയത്തിൽ ഒരു കണികയോളം വക്രത സൂക്ഷിച്ചാൽ പതുക്കെ, ഒരു കപടവിശ്വാസികളുടെ ലക്ഷണങ്ങൾ പ്രത്യക്ഷമാകും. അപ്പോൾ, അല്ലാഹു (ത) നിങ്ങളെ ഉപേക്ഷിക്കും. അവന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതന്റെ സംഘത്തിൽ നിന്നും നിങ്ങൾ അകത്തപ്പെടും. അതു പോലെ തന്നെയാണ് ഈ കാര്യത്തിലും സംഭവിച്ചത്. അല്ലാഹുവാണ് ഭാവിയിലെ കാര്യങ്ങളെകുറിച്ച് അറിയുന്നവൻ. നിങ്ങൾക്കിടയിൽ കപടവിശ്വാസികളുണ്ടെങ്കിൽ, അവർ ഈ ദൈവീക പ്രഭാവത്തിന്റെ സന്നിധിയിൽ ബുദ്ധിമുട്ടനുഭവിക്കുകയും അല്ലാഹുവും അവന്റെ ദൂതനും ആയുള്ള ബന്ധങ്ങളിൽ നിന്നും അവർ മോചനം നേടാൻ ആഗ്രഹിക്കുകയും ചെയ്യും. തീർച്ചയായും അത്തരക്കാരെ അല്ലാഹു (ത) അകറ്റികളയും. ഓർക്കുക, അല്ലാഹുവിന് നിങ്ങളുടെ യാതൊരു ആവശ്യവുമില്ല ; മറിച്ച് നിങ്ങൾക്കാണ് ആവശ്യങ്ങൾ ഉള്ളത് എന്നതാണ് സത്യം.

ഏതു നിലയിലും അല്ലാഹുവിന്റെ കൽപനകൾക്ക് ചെവി കൊടുക്കുന്ന സ്ത്രീയോ പുരുഷനോ ആണ് യഥാർത്ഥ സത്യവിശ്വാസി. അല്ലാഹുവിന്റെ ഒരു വിനീത ദാസനു മേൽ ധാരാളം വെളിപാടുകൾ ദൈവീകമായി ഇറക്കപ്പെടുന്നു. ചില വെളിപാടുകൾ നിങ്ങളുടെ താൽപര്യങ്ങൾക്ക് അനുപൂരകമായിരിയ്ക്കും. മറ്റു ചിലതാകട്ടെ നിങ്ങൾക്കിഷ്ടപ്പെടാത്ത കാര്യങ്ങൾ സംബന്ധിച്ചാവാം. എന്തായിരുന്നാൽ തന്നെയും, ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ വിധിയ്ക്കു മുന്നിൽ പരിപൂർണ്ണ അനുസരണം കാട്ടുന്നതായിരിയ്ക്കും. അല്ലാഹു (ത) തനിക്കു മേൽ ഇറക്കിയ അനുഗ്രഹങ്ങളെ അവൻ മറക്കുകയില്ല. അല്ലാഹുവിനോടും അവന്റെ ദൂതനോടും ഉള്ള സ്നേഹം ഒരു സത്യവിശ്വാസി ഹൃദയത്തിൽ കൊണ്ടു നടക്കുന്നു. അല്ലാഹുവിനും അവന്റെ ദൂതനും വേണ്ടി നാളെ ഈ അനുഗ്രഹങ്ങളെല്ലാം ത്യജിക്കേണ്ടി വന്നാൽ, ആ സത്യവിശ്വാസി യാതൊരു മടിയും കാട്ടുകയില്ല.

അല്ലാഹു നൽകുന്ന അനുഗ്രഹങ്ങളിൽ ഒരു യഥാർത്ഥ വിശ്വാസി സന്തോഷം കണ്ടെത്തുന്നു. മറ്റിതര ആത്മാർത്ഥ വിശ്വാസികൾക്കും അത്തരം അനുഗ്രഹങ്ങൾ ഇറക്കപ്പെടണമെന്ന് അവൻ ആഗ്രഹിയ്ക്കും. അല്ലാഹുവിനോടും അവന്റെ തിരു ദൂതരോടും ഉള്ള വിശ്വാസിയുടെ സ്നേഹം നിസ്വാർത്ഥതയിലധിഷ്ഠിതമാണ്. അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നു എന്നും എന്തു തന്നെ സംഭവിച്ചാലും അല്ലാഹുവിന്റെ തീരുമാനത്തെ കീഴ്‌വണക്കമുള്ള ഒരു ഹൃദയം കൊണ്ട് സ്വീകരിയ്ക്കും എന്നും പ്രഖ്യാപിക്കുന്ന ഒരു വിശ്വാസിയെ

യാഥാർത്ഥ്യം തെളിയിക്കുന്നതിനായി രണ്ടോ മൂന്നോ പ്രാവശ്യം–, ചിലപ്പോൾ അതിലേറെ– അല്ലാഹു (ത) പരീക്ഷണത്തിന് വിധേയനാക്കുന്നു. ഇപ്പോഴിതാ ഒരു കപടവിശ്വാസിനി, സ്വന്തംനിലയിൽ, ഈ കാലഘട്ടത്തിലെ ദൈവീക പ്രതിഭാസത്തിന്റെ സന്നിധിയിൽ നിന്ന് അകന്നു മാറിയിരിക്കുന്നു. അല്ലാഹുവിന്റെ ദൂതരേയും വിശ്വാസികളുടെ സമൂഹത്തേയും വിട്ടു പോകുന്ന കപടവിശ്വാസികൾ കരുതുന്നത് തങ്ങൾ സ്വാതന്ത്രരായി എന്നും വിമോചിതരാണെന്നും ആകുന്നു. ചിന്തിക്കേണ്ട കാര്യം, അവർ എന്നിൽ നിന്നും സ്വതന്ത്രരായി എന്നും എത്ര കാലത്തേയ്ക്കു സ്വതന്ത്രരായി എന്നും ആണ്.

തീർച്ചയായും ഈ ലോകം സത്യവിശ്വാസികൾക്ക് ഒരു കാരാഗൃഹമാകുന്നു. അവിശ്വസികൾക്കും കപടവിശ്വാസികൾക്കും ഒരു സ്വർഗ്ഗവും ആണ്. അല്ലാഹുവിന്റെ സംരക്ഷണത്തിനും അവന്റെ അനുഗ്രഹ പ്രകാശത്തിന്റെ നിഴലിൽ വരുന്നതിനും പകരം അവർ ജനങ്ങളുടെ സന്തോഷം കാംക്ഷിക്കുന്നവരായി തീർന്നിരിക്കുന്നു. ദൈവീക ഹസ്തങ്ങൾക്കും നിഴലിനും മുകളിൽ അവർ ജനങ്ങളുടെ സഹകരണത്തെ വിലമതിയ്ക്കുന്നു. വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) പറഞ്ഞത് ഓർക്കുക : “നിങ്ങളുടെ സമ്പത്തും സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാണ്. എന്നാൽ, അല്ലാഹുവിങ്കലത്രെ മഹത്തായ പ്രതിഫലം” (64 : 16)

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഒരു പ്രധാനകാലഘട്ടമാണ് അവന്റെ യുവത്വം. അവന്റെ ബുദ്ധി ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഈ കാലഘട്ടത്തിൽ, പ്രായോഗിക ജീവിത പ്രശ്നങ്ങളെ ആഴത്തിലുള്ള അപഗ്രഥനത്തിലൂടെയും കണക്കെടുപ്പുകളിലൂടെയും മനസ്സിലാക്കുവാനും വിലയിരുത്തുവാനും അവന് കഴിയും യുവത്വത്തിന്റെ പ്രാരംഭഘട്ടത്തിൽ സവിശേഷ ഗുണങ്ങൾ ആർജ്ജിച്ച് വളർന്നില്ലെങ്കിൽ, വ്യക്തി അപകടകരമായ ദിശാസന്ധികളെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വന്നേക്കും. എന്നാൽ, യുവത്വം പ്രസരിക്കുന്ന നാളുകളിൽ തിരുനബി (സ) യുടെ സുന്നത്ത് അനുസരിച്ച് സ്വജീവിതം കരുപിടിപ്പിക്കുവാനും തന്റെ ഉത്തരവാദിത്തങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമുള്ള കാര്യങ്ങൾ മുൻകരുതലുകൾ എടുക്കാനും തയ്യാറാവുന്ന ഒരു വ്യക്തി, തന്റെ സത്‌വൃത്തികളിലൂടെയും ജോലി ചെയ്യാനുള്ള ഉൽക്കർഷേച്ഛയിലൂടെയും ഒരു സമൂഹത്തെ പുനരുജ്ജീവിപ്പിക്കാൻ നിമിത്തമാകുന്നു, മറ്റുള്ളവർക്ക് പിന്തുടരാൻ ഒരു മാതൃകാ പുരുഷനായി അയാളുടെ സമർപ്പിത സേവനം അയാളെ ഉയർത്തുന്നു. എന്നാൽ, ആണും പെണ്ണുംമായി ധാരാളം ചെറുപ്പക്കാർ സമൂഹത്തിലുണ്ട്. ഭക്തരായ മാതാപിതാക്കൾ സത്യ പാതയിൽ നയിക്കാൻ അവർക്കുണ്ട്. എന്നിട്ടും ഉള്ളിന്റെയുള്ളിൽ, മാതാപിതാക്കൾ അവരെ വളർത്തികൊണ്ടു വരാൻ ശ്രമിച്ച ഇസ്ലാമിക മൂല്യങ്ങളെപ്പറ്റി, ഈ യുവതി–യുവാക്കൾ മനസ്സിലാക്കിയില്ല. അതുകൊണ്ട് തന്നെ ഭൗതിക ജീവിത സുഖങ്ങളുടെ മാസ്മരിക വലയത്തിൽ അകപ്പെട്ട് അവർ തങ്ങളുടെ യഥാർത്ഥ പാതയിൽ നിന്നും തെന്നി മാറുന്നു. ഭക്തരും സൽസ്വഭാവികളുമായ മാതാപിതാക്കന്മാരുടെ പ്രാർത്ഥനകളും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും അവർ വിസ്മരിക്കുന്നു.

ചരിത്രം സ്മരിക്കുന്നത് മുഴുവൻ മാനവകുലത്തിനും സേവനം അർപ്പിയ്ക്കാൻ സന്നദ്ധരായി പ്രവർത്തനനിരതരായ യുവാക്കളെയാണ്. ഇനിയുള്ള കാലത്തും അത്തരക്കാർ ഓർമിക്കപ്പെടും. ജീവിതത്തിൽ തങ്ങളുടെ ചുമതലകൾ എന്തൊക്കെയെന്ന് ഈ യുവാക്കൾ തിരിച്ചറിയുന്നു. എല്ലാ ജീവിത സന്ധികളിലും മതപരവും ഭൗതികവും ആയ ചുമതലകൾ നിർവ്വഹിക്കുന്നതിനും സത്‌വൃത്തിയും സ്ഥൈര്യവും സമർപ്പിത സേവനവും മുഖേന, തങ്ങളുടെ സമൂഹത്തിന്റെ ഭാവിയ്ക്കായി അതിന്റെ പുരോഗതിയ്ക്കായി, തങ്ങൾക്കു ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തു തീർക്കാൻ ഈ യുവാക്കൾ ശ്രമിയ്ക്കും. തങ്ങളുടെ മനസ്സു നിയന്ത്രിച്ച് നിർമ്മാണാത്മക പ്രവർത്തനങ്ങളിലേർപ്പെടാൻ ഈ യുവാക്കൾക്ക് കഴിയും. കുട്ടിക്കാലത്ത് പലരും ആർജ്ജിച്ചെടുക്കുന്ന കളി– വിനോദ താൽപ്പര്യങ്ങൾക്കപ്പുറത്ത് ജീവിതത്തെ ഗൗരവ പൂർവ്വം അവർ സമീപിയ്ക്കും

അപ്പോൾ, ചരിത്രം നമ്മോട് പറയുന്നതെന്തെന്നാൽ,ത്യാഗമെന്നതേ നേട്ടം എന്നത്രെ ത്യാഗത്തിലൂടെയല്ലാതെ ഒന്നും തന്നെ നേടിയെടുക്കുവാൻ കഴിയുകയില്ല. ത്യാഗം ചെയ്യാനുള്ള മനോഭാവം മനുഷ്യന്റെ അന്തരാത്മാവിൽ ലീനമായി ഇരിയ്ക്കുന്നു. പരിശീലനത്തിലൂടെ ഈ സ്വഭാവ വിശേഷത്തെ വളർത്തിയെടുക്കാൻ കഴിയും. മികച്ച പരിശീലനം സിദ്ധിക്കുകയും അതിലൂടെ ശാരീരികവും മാനസികവും ആയ ഉന്നത ഗുണങ്ങൾ സ്വായത്തമാക്കുകയും ചെയ്ത യുവാക്കൾ സമുദായത്തിന്റെ പുരോഗതിയ്ക്കും നിലനിൽപ്പിനും വേണ്ടി എല്ലാ ത്യാഗങ്ങൾക്കും–തങ്ങളുടെ ജീവൻ ബലി നൽകാൻ വരെ–തയ്യാറാവും. ഇത്തരം ത്യാഗസന്നദ്ധരായ യുവതലമുറയെ വാർത്തെടുക്കപ്പെടുമ്പോഴാണ് യുവത്വം ആ പേരിന് അർഹത നേടുന്നത്.

സമുദായ ചട്ടക്കൂടിന്റെ ശിൽപിയാണ് ഒരു യുവാവ്. അതുകൊണ്ടു തന്നെ ഒരു പ്രവർത്തി ഏറ്റെടുക്കുമ്പോൾ ഏറെ കാര്യങ്ങൾ ശ്രദ്ധിക്കണം. അച്ചടക്കം, ത്യാഗശീലം, ഊർജ്ജസ്വലത, ക്ഷമാ ശീലം, ശരിയായ ജ്ഞാനം, കാര്യങ്ങൾ നടപ്പിൽ വരുത്താനുള്ള കഴിവ് തുടങ്ങിയ ഗുണങ്ങൾ നേടിയെടുക്കണം. കോൺക്രീറ്റിൽ തീർത്ത ഒരു വീടിനെ നിങ്ങൾ എങ്ങനെ കണക്കാക്കും ? മരത്തിൽ പണിതീർത്ത ഒരു വീടിനെയോ? കോൺക്രീറ്റിൽ തീർത്ത ഭവനമെന്നോ മരത്തിൽ പണിത വീടെന്നോ അല്ലാതെ മറ്റെന്താണ് അവയെ വിളിക്കുക? അജ്ഞതയിലും, വ്യാജത്തിലും, അഴിമതിയിലും തീർത്ത ഒരു സമുദായ ചട്ടക്കൂടിനെ നിങ്ങൾ എന്താണ് വിളിക്കുക? ചുരുക്കത്തിൽ, നിർമ്മാണ പ്രക്രിയയിൽ ഉപയോഗിക്കുന്ന സാധന സാമഗ്രികൾ അനുസരിച്ചാണ് ചട്ടക്കൂടിന്റെ ഉറപ്പും കരുത്തും നിലകൊള്ളുക !

യാഥാർത്ഥ്യം എന്തെന്നാൽ, ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. വളരെ നല്ല പരിശീലനം യുവാക്കൾക്ക് ലഭിക്കേണ്ടതായിട്ടുണ്ട്. തുടക്കത്തിൽ തന്നെ, യുവാക്കൾ ശാരീരികമായ ഊർജ്ജസ്വലത വളർത്തിയെടുക്കണം പുകവലി, മദ്യപാനം, ചൂതാട്ടം, കുതിരപ്പന്തയം, ലോട്ടറി, നൈറ്റ് ക്ലബ് സന്ദർസനം, ഡിസ്കോ, ഡാൻസിംഗ് തുടങ്ങിയ വ്യർത്ഥമായ വിനോദങ്ങളിൽ, വിഡ്ഢികളെപോലെ തന്റെ വിലപ്പെട്ട സമയം പാഴാക്കി കളയരുത്. മുസ്ലീം യുവാക്കളുടെ ഇന്നത്തെ അവസ്ഥ എന്നെ ഏറെ ദുഃഖിതനാക്കുന്നു. പ്രത്യേകിച്ചും സമ്പൂർണ്ണമതമായ ഇസ്‌ലാമിനെ അവർ ഉപേക്ഷിച്ചു കളഞ്ഞു എന്നത് എത്രയും ആശങ്കാജനകമാണ്. രക്ഷകർത്താക്കൾ പോലും പരിശുദ്ധ ഖുർ ആനിൽ പരാമർശിച്ചിരിക്കുന്ന പാവനമായ ദൈവീക കൽപനകൾ നടപ്പിൽ വരുത്തുന്നില്ല. തിരുനബി (സ) യുടെ മാതൃക പൂർണ്ണമായും പിന്തുടരുന്നില്ല. നമ്മൾ ദൂരേയ്ക്ക് ഒന്നും നോക്കേണ്ടതില്ല. ഇവിടെ മൗറിഷ്യസിൽതന്നെ, നമ്മുടെ ദൈനംദിന ജീവിതത്തിലേയ്ക്ക് ഒന്നു സൂക്ഷിച്ചു നോക്കുക. മയക്കുമരുന്നിനും ഭോഗാസക്ത ജീവിതത്തിനും അടിപ്പെട്ട യുവാക്കൾ അധാർമ്മിക വൃത്തികളിൽ മുങ്ങിത്താഴുന്നു. വേശ്യാവൃത്തി നിയമ വിധേയമാക്കൽ, പ്രകൃതി വിരുദ്ധ ലൈംഗികവേഴ്ചകളെ പ്രോത്സാഹിപ്പിക്കൽ, ചൂതാട്ടം, ലോട്ടറികൾ തുടങ്ങിയവ സമൂഹത്തിൽ അതിവേഗം പരക്കുന്ന അവസ്ഥയാണ്. നമ്മുക്കു ചുറ്റും ഉള്ളത്.

സ്ത്രീകളും പുരുഷന്മാരും കുട്ടികളും ഉൾപ്പെടെ ധാരാളം മുസ്ലീംങ്ങൾ– പ്രത്യേകിച്ചും യുവജനത– പെട്ടെന്നു പണം സമ്പാദിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ചൂതാട്ടത്തിന്റെ വകഭേദങ്ങൾക്ക് അടിപ്പെട്ടുകൊണ്ട് കളികളിൽ ഏർപ്പെട്ടിരിയ്ക്കുന്നു. കൂടാതെ രാജ്യം മുഴുവൻ അക്രമ വൃത്തികൾ–പിടിച്ചുപറി, ബലാൽസംഗം, അത്മഹത്യ, മയക്കുമരുന്ന്, മദ്യപാനം നടത്തി ബഹളം സൃഷ്ടിക്കൽ കൊണ്ട് നിറഞ്ഞിരിയ്ക്കുന്നു. മദ്യത്തിന്റെ വിവിധ വകഭേദങ്ങൾ സേവിച്ച് സേവിച്ച്, ആത്മബോധം നഷ്ടപ്പെട്ട ജനം, ധാർമ്മികതയിൽ നിന്നും മര്യാദയിൽ നിന്നും അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു.

മറ്റുതരത്തിലും ജീവിതം കൂടുതൽ കൂടുതൽ ബുദ്ധിമുട്ടേറിയതായി കൊണ്ടിരിയ്ക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ പെട്ടെന്നുണ്ടായ വൻ വർദ്ധനവ് സാധാരണ ജനങ്ങളുടെ ജീവിതം കാഠിന്യമേറിയതായിരിക്കുന്നു. (മൗറിഷ്യസിലും മറ്റു രാജ്യങ്ങളിലും ഇത്തരം സാമ്പത്തിക പ്രതിസന്ധികൾ, വിലക്കയറ്റ പ്രശ്നങ്ങൾ തുടങ്ങിയവ ഉണ്ടാകുമെന്ന്, 1999 മുതൽ, എനിക്ക് ദിവ്യവെളിപാടുകൾ മുഖേന അല്ലാഹുവിൽ നിന്നു നിരന്തരം ലഭിച്ച അറിയിപ്പുകൾ ഈ സന്ദർഭത്തിൽ ഞാൻ സ്മരിക്കുന്നു.)

രാജ്യത്ത് സാധനങ്ങളുടെ വില കുതിച്ചുയരുകയാണ്. എന്നാലും നമ്മുടെ മുസ്ലീം സഹോദരന്മാരും സഹോദരിമാരും കുട്ടികളും ഇതൊരു പ്രശ്നമായി കരുതുന്നതേയില്ല. മറിച്ച്, അവർ കൂടുതലായി ചെലവഴിച്ചു കൊണ്ടിരിക്കുകയാണ്. അവരുടെ സാമ്പത്തിക അഭിവൃദ്ധിയെ അവർ പ്രദർശിപ്പിച്ചുകൊണ്ടിരിയ്ക്കുന്നു. സാമ്പത്തിക നിലവാരം അനുവദിക്കുന്നതിനുമപ്പുറം, ആഢംബര ജീവിത ശൈലി പിന്തുടരാനായി ധാരാളിത്തത്തിന്റെ വഴികൾ അവർ സ്വയം തെരഞ്ഞെടുത്തിരിയ്ക്കുന്നു.

വിവാഹ നിശ്ചയത്തിനൊരുങ്ങുന്ന യുവാവ് തന്റെ കാഴ്ചപ്പാട് വ്യക്തമാക്കണം. ലളിതമായൊരു നിശ്ചിത ചടങ്ങിന്റെ പ്രധാന്യം തന്റെ മാതാപിതാക്കളോട് പറഞ്ഞു മനസ്സിലാക്കണം. തികച്ചും ലളിതമായൊരു കല്യാണ ചടങ്ങിലാണ് അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും നിലകൊള്ളുന്നതെന്നു അവരെ ബോധ്യപ്പെടുത്തണം. മാതാപിതാക്കൾ ഈ കാര്യത്തിൽ സഹകരിയ്ക്കുന്നില്ലെങ്കിൽ തന്റെ ഭാവി ആത്മീയ ജീവിതം കരുപിടിപ്പിക്കുന്നതിനായി യുവാവ് നിലപാട് എടുക്കുക. തന്റെ ഇസ്ലാംമത ബാദ്ധ്യതകളെ അഗമ്യമായി തള്ളിക്കളയാൻ അനുവദിച്ചുകൂടായെന്ന കാര്യം അയാൾ മറക്കരുത്.

യുവാവ് തന്റെ പ്രവർത്തിയിൽ സമർപ്പിതനായിരിയ്ക്കണം. മറ്റുള്ളവർക്ക് വിശ്വസിയ്ക്കാൻ കൊള്ളാവുന്ന വ്യക്തിത്വം ആയി തീരണം. മഹത്തായ ത്യാഗങ്ങൾ വരിയ്ക്കാനുള്ള മനോഭാവം ഉണ്ടായിരിക്കണം. ശുദ്ധ പ്രകൃതിയുള്ളവനും കള്ളം പറയാത്തവനും ആകണം. സൽസ്വഭാവ ഗുണങ്ങൾ വളർത്തിയെടുക്കുന്നതിന് ഇവയെല്ലാം അത്യാവശ്യമാണ്. ഇവ കൂടാതെ നിർമ്മിക്കപ്പെടുന്ന രൂപീകരിക്കപ്പെടുന്ന ചട്ടക്കൂട് അപകടകരമായിരിയ്ക്കും. എല്ലാ അവശ്യ ഗുണങ്ങളും ആർജ്ജിച്ച ഒരു യുവാവ് ഒരു കോൺക്രീറ്റ് കെട്ടിടം പോലെ ഉറപ്പുള്ളതും മറ്റുള്ളവർക്ക് മാതൃകായോഗ്യനും ആയിരിയ്ക്കും. നബി തിരുമേനി (സ) പറഞ്ഞു : "പണക്കൊഴുപ്പുകൊണ്ടു മാത്രം ഉത്തരവാദിത്ത്വങ്ങൾ നിറവേറ്റുന്നതിൽ വിജയിയ്ക്കാം എന്നു നിങ്ങൾ കരുതരുത്. ആർജ്ജിച്ചെടുക്കുന്ന സത്ഗുണങ്ങളിലൂടെ നിങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ നിങ്ങൾക്കു വിജയിയ്ക്കാൻ കഴിയും".

ഈ സത്ഗുണങ്ങളും ധാർമ്മികമൂല്യങ്ങളും സ്വജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും സമുദായത്തിലെ യുവതലമുറയെ ഈ പന്ഥാവിൽ നയിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുമ്പോൾ ജനതയുടെ ദേശീയ താൽപ്പര്യത്തിന്റെ സംരക്ഷണത്തെക്കുറിച്ച് നമ്മുക്ക് ശുഭ പ്രതീക്ഷകൾ പുലർത്താനാകും. ഉന്നത മൂല്യങ്ങൾ യുവാക്കൾ വ്യക്തി ജീവിതത്തിൽ പുലർത്തുമ്പോൾ രാഷ്ട്രത്തിന്റെ ഭാവി ശോഭനമാകും.

ത്യാഗമനോഭാവം നേടിയെടുക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. ത്യാഗ മനോഭാവത്തിനു ധാർമ്മികവും ആത്മീയവും ആയ ശക്തിയുടെ പിൻ ബലം, സത്‌വൃത്തികൾ, സത്യസന്ധത തുടങ്ങിയ ഗുണങ്ങൾ അത്യന്താപേക്ഷിതമാണ്. ലൗകിക പരീക്ഷണങ്ങൾക്കുമേൽ വിജയം വരിക്കുന്നതിന് ഈ ധാർമ്മിക പിൻ ബലം അത്യാവശ്യമാണ്. ഭാവി തലമുറകൾക്ക് ജ്വലിക്കുന്ന വഴി വിളക്കുകളായി മാറാൻ യുവാക്കൾക്ക് കഴിയും. മുകളിൽ പ്രസ്താപിച്ച ഗുണഗണങ്ങൾ തങ്ങളിൽ ദ്യോതിപ്പിക്കുവാൻ അവർ ധൈര്യസമേതം മുന്നിട്ടിറങ്ങണം.

ജമാഅത്തു സഹീഹിൽ ഇസ്ലാം അംഗങ്ങളായ ഓരോ യുവാവും അല്ലാഹുവിന്റെ ഏകത്വത്തെ ഭൂമിയിൽ സ്ഥാപിക്കാൻ ആവശ്യമായതെല്ലാം ചെയ്യാൻ പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ സൃഷ്ടികളോട് നിങ്ങൾ ദയയും കാരുണ്യവും കാട്ടുന്നവരാകുവിൻ. മറ്റുള്ളവരെ ഉപദ്രവിയ്ക്കാൻ നിങ്ങളുടെ നാക്കോ കൈകളോ ഉപയോഗിക്കരുത്. മറ്റുള്ളവരെ പീഢിപ്പിക്കരുത്. നിങ്ങളുടെ എല്ലാ കഴിവുകളും ഉപയോഗപ്പെടുത്തി, സമൂഹത്തിൽ നന്മ പരത്തുവാൻ പരിശ്രമിക്കുക. സംസാരത്തിൽ അഹന്തയുടെ അംശം പോലും ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ. നിങ്ങളുടെ സേവകനോ, കീഴ് ജീവനക്കാരോ ആരായിരുന്നാലും അവരെ ബുദ്ധിമുട്ടിക്കരുത്. മറ്റുള്ളവരെ വഞ്ചിക്കരുത്, നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ വഞ്ചിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഭൂമിയിൽ ശാന്തരും സദ്ഭാവികളുമായി നടക്കുവിൻ. മറ്റുള്ളവരുടെ പ്രയാസങ്ങളെ ദൂരീകരിയ്ക്കാൻ കഴിയുന്നതൊക്കെ ചെയ്യുവിൻ, അല്ലാഹു (ത) നിങ്ങളോട് കാരുണ്യം കാട്ടുന്നതിനായി.

മാന്യത വെറുമൊരു മൂടുപടമായി കൊണ്ടു നടക്കുന്ന ഒരുപാട് പേർ സമൂഹത്തിലുണ്ട്. എന്നാൽ അവരുടെ ഹൃദയങ്ങൾക്കുള്ളിൽ മറച്ചുവെയ്ക്കുന്നതാകട്ടെ കടുത്ത ദുഷ്ട പ്രകൃതിയും. വിദ്വേഷം, അസൂയ, വെറുപ്പ്, ജനങ്ങളെ ഉപദ്രവിയ്ക്കാനുള്ള കുടില പദ്ധതികൾ ഇവകൊണ്ട് നിറഞ്ഞ വിഷലിപ്ത മനസ്സുകൾ നമ്മുക്ക് ചുറ്റും ഉണ്ട്. ഓർക്കുക, നാവിലെ വാക്കുകളും ഹൃദയത്തിലെ ചിന്തകളും ഒരുപോലെ ആകണം. അല്ലെങ്കിൽ, ദിവ്യസന്നിധിയിൽ സ്വീകരിയ്ക്കപ്പെടാൻ നിങ്ങൾ അർഹത നേടുകയില്ല.

നിങ്ങളിൽ ഒരു പരിവർത്തനം ഉണ്ടാക്കിത്തീർക്കുക. അല്ലാഹുവിൽ മാത്രം പ്രതീക്ഷ അർപ്പിക്കുക. രാത്രിയുടെ യാമങ്ങളിൽ ഉണർന്നെഴുന്നേറ്റ് തഹജ്ജുദ് നമസ്കാരം നിർവ്വഹിക്കുകയും അല്ലാഹുവിനെ ആരാധിക്കുന്ന കാര്യത്തിൽ തിരക്കുകൂട്ടുകയും സമയം കണ്ടെത്തുകയും ചെയ്യുന്ന യുവാക്കളെപോലെ പ്രാർത്ഥനയിൽ ശ്രദ്ധിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന യുവാക്കൾ, അല്ലാഹു (ത) ഉദ്ദേശിച്ചാൽ, നല്ലതും ശരിയായതും ആയ സ്വപ്നങ്ങൾ, ആത്മീയ കാഴ്ചകൾ, ദൈവീക വെളിപാടുകൾ എന്നിവ കൊണ്ട് അനുഗ്രഹിക്കപ്പെട്ടേയ്ക്കാം. പൂർവ്വികരായ പല മഹാത്മാക്കളും അബ്ദാൽ എന്ന സ്ഥാനത്തിനു അർഹത നേടുകയുണ്ടായി. അവരുടെ പ്രാർത്ഥനകളിലൂടെയും, ദൈവീക സ്മരണകളിലൂടെയും അർത്ഥനകളിലൂടെയും അല്ലാഹുവുമായി വളരെ ഗാഢമായൊരു ബന്ധം സ്ഥാപിക്കാൻ അവർക്ക് കഴിഞ്ഞു. അതുകൊണ്ട് തന്നെ, ദൈവീക പ്രകാശം അവരിൽ നിഴലിക്കുകയും മാനവരാശിയ്ക്ക് അവർ ഉത്തമ മാതൃകയും വഴികാട്ടികളും ആയി തീർന്നു.

അതുകൊണ്ട്, ദീനിൽ ഇസ്ലാമിൽ ആത്മീയതയുടെ ഉന്നത പടവുകൾ താണ്ടിയ അബ്ദാലിങ്ങളെപ്പോലെ നമ്മുടെ യുവാക്കൾ ആയിത്തീരണം. അതായത്, ഭക്തി മാർഗ്ഗത്തിൽ ഏറെ ദൂരം സഞ്ചരിക്കുകയും അല്ലാഹു(ത) ദുആകൾ ധാരാളമായി സ്വീകരിക്കുകയും ചെയ്തനുഗ്രഹിച്ച ദർവേശുമാരെപ്പോലെയാവുക. ഇസ്ലാമിക മൂല്യങ്ങളുടെ മാനുഷിക മാതൃകയാണ് ഒരു അബ്ദാൽ, അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിയ്ക്കപ്പെടുന്നതിനായി അത്യധ്വാനം ചെയ്യുവിൻ, അല്ലാഹു (ത) നിങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിച്ച് അനുഗ്രഹിക്കുന്നുവെന്ന് ജനങ്ങൾ കേൾക്കുമ്പോൾ, നിങ്ങളുടെ ദൈവ ഭക്തിയിലൂടെ നിങ്ങൾ എത്തിച്ചേർന്ന ആത്മീയ പദവിയെപ്പറ്റി അവർ തിരിച്ചറിയും. അപ്പോൾ തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ലോകത്തിന്റെ നാനാ കോണുകളിൽ നിന്നും അവർ വന്നുചേരും.

ഓ യുവാക്കളെ ! ഇന്നു മുതൽ നാം ഓരോരുത്തരും ഒരു ആത്മപരിശോധന നടത്തുക. മുമ്പ് പ്രസ്താപിച്ച സദ്ഗുണങ്ങൾകൊണ്ട് നാം നമ്മെ പ്രശോഭിതരാക്കിയോ ? എന്നു പരിശോധിക്കുക നമ്മുടെ ഉത്തരവാദിത്തങ്ങളും കടമകളും മനസ്സിലാക്കികൊണ്ട് ഒരുമിച്ച് പ്രവർത്തിയ്ക്കാനുള്ള നമ്മുടെ ഉദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ നമ്മുക്ക് കഴിയുന്നുണ്ടോ ? അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗങ്ങൾ ചെയ്യുവാനും മറ്റുള്ളവർക്ക് സേവനം അർപ്പിക്കുവാനും ജനങ്ങളെ സഹായിക്കുവാനും നമുക്ക് കഴിയുന്നുണ്ടോ? മുഹമ്മദ് നബി (സ) യുടെ മഹത്തായ ഗുണങ്ങൾ നമ്മുടെ നിത്യജീവിതത്തിൽ പ്രതിഫലിപ്പിക്കുവാൻ നമ്മുക്ക് കഴിയുന്നുവോ? ഈ ചോദ്യങ്ങളെ ഒരു വഴികാട്ടിയായി ഉപയോഗിക്കുക. വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും ഈ മഹദ്ഗുണങ്ങൾ പ്രാവർത്തികമാക്കിയാൽ ശാന്തിയും സമാധാനവും സന്തോഷവും കൈവരും. നിങ്ങളുടെ സാമൂഹികാന്തരീക്ഷം പരിസര പ്രദേശങ്ങൾ, ഗ്രാമം, നഗരം, രാജ്യത്തുതന്നെയും-ശാന്തതയും സ്ഥിരതയും സമാധാനവും അനുഭവിയ്ക്കാൻ നിങ്ങളുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും നിമിത്തമാകും.

യുവാക്കൾ അല്ലാഹുവിന്റെ ഒരു നല്ല ദാസനായി മാറണം. തന്റെ നാഥനായ അല്ലാഹുവിനെ തിരിച്ചറിഞ്ഞ് പ്രത്യേകവും വിശേഷവും ആയ ഒരു ഗാഢബന്ധം കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് അല്ലാഹുവിന്റെ ഒരു നല്ല ദാസൻ. എല്ലാ സാഹചര്യങ്ങളിലും ഇസ്ലാമിക മൂല്യങ്ങളെ മുന്തിക്കുകയും തന്റെ ശാരീരിക വിചാര–വികാരങ്ങളെ മുഴുവൻ അതിനു കീഴ്വണങ്ങുകയും ചെയ്യുന്ന അവസ്ഥയിൽ ഒരു വ്യക്തിയ്ക്ക് അല്ലാഹുവിന്റെ സന്നിധിയുമായി ബന്ധം സ്ഥാപിക്കാൻ കഴിയും. വിശുദ്ധഖുർ ആനിൽ അല്ലാഹു (ത) പ്രസ്താപിച്ചിരിക്കുന്ന പ്രതിഫലങ്ങളും സമ്മാനങ്ങളും അത്തരം ദൈവീക ദാസർക്കുവേണ്ടിയുള്ളതാണ്. നബി തിരുമേനി (സ) തന്റെ ഹദീസുകളിൽ പരാമർശിച്ചിരിക്കുന്നതും മറ്റൊന്നുമല്ല. അതുകൊണ്ട്, എന്റെ പ്രിയപ്പെട്ട യുവസഹോദരന്മാരെ, ഇസ്ലാമിന്റെ മൂല്യങ്ങൾ ഭാഗീകമായി ജീവിതത്തിൽ പകർത്തുന്നത് വ്യർത്ഥമായ കാര്യമല്ല. എങ്കിലും അതുകൊണ്ടു മാത്രം ഉദ്ദേശിക്കുന്ന പൂർണ്ണഫലം ലഭ്യമാവുകയില്ല. നിങ്ങളുടെ നാഥന്റെയും ദീനിന്റെയും മാർഗ്ഗത്തിൽ പൂർണ്ണമായ കീഴ്വണക്കം കാട്ടുക. നിങ്ങൾക്കറിയാവുന്നതുപോലെ, കപ്പലിലെ ഒരു ചെറിയ വീള്ളലിന് ഒരു വൻ ദുരന്തം സൃഷ്ടിക്കുവാൻ കഴിയും. അതുകൊണ്ട് ഒരു പാപത്തേയും നിങ്ങൾ വിലകുറച്ചുകാണരുത്. ഒരു പാപം എന്തൊക്കെയാണെങ്കിലും ഒരു പാപം തന്നെ. ഒരു വ്യക്തിയുടെ ആത്മീയ ഭാവി മുഴുവൻ നശിപ്പിക്കുവാൻ ഉള്ള ദുഷ്പ്രഭാവം ഒരു പാപത്തിൽ അടങ്ങിയിരിയ്ക്കുന്നു. സർവ്വശക്തനായ അല്ലാഹുവിന്റെ സന്തോഷം നേടത്തക്ക രീതിയിൽ ജീവിത മാധുര്യം ആസ്വദിക്കാൻ പറ്റിയ അദ്ധ്യാപനങ്ങൾ ഇസ്ലാം നമുക്ക് നൽകുന്നു. കാലദേശ ഭേദമന്യേ മനുഷ്യർ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുന്ന ധാരാളം അദ്ധ്യാപനങ്ങൾ ഇസ്ലാം കാഴ്ച വയ്ക്കുന്നു. യുവാക്കളേ, ഒരു കാര്യം ഓർക്കുക. പാപപങ്കിലമായ ജീവിതത്തിൽ മതപരമായ ജ്ഞാനത്തിനു പ്രസക്തിയില്ല. സർവ്വോന്നതനായ അല്ലാഹു അത്തരം വ്യക്തികളെ ആത്മീയാനുഗ്രഹത്തിൽ നിന്നകറ്റികളയും. ആത്മീയ ജ്ഞാനം എന്നത് ഒരു ദിവ്യ പ്രകാശമാകുന്നു. പാപത്തിന്റെ സാന്നിദ്ധ്യത്തിൽ മതവിജ്ഞാനം പ്രകാശിയ്ക്കുകയില്ല. പാപപങ്കിലമായ ജീവിതം നയിക്കുന്നവർ ദൈവഭക്തരുടെ സൗഹൃദത്തെ വിലമതിയ്ക്കുകയില്ല. അപ്പോൾ, ഈ ലോകത്തു നന്മ കൈവരുത്തുവാനുള്ള അവസരം പാപികൾ നഷ്ടപ്പെടുത്തുന്നു. അവർ ഒരു നേട്ടവും ആർജ്ജിക്കുകയില്ല. പാപങ്ങൾ അവരുടെ ഹൃദയത്തെ കളങ്കിതമാക്കുന്നു. അവരുടെ മുഖങ്ങളിലും അതിന്റെ അടയാളങ്ങൾ ദൃശ്യമാവും.

അബ്ദുല്ലാ ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്ത ഒരു ഹദീസ് നബി (സ) അരുളി : "സദ് പ്രവൃത്തികളിലൂടെ ഒരു പ്രകാശം ആർജ്ജിക്കുന്നു. അവന്റെ അന്നപാനീയങ്ങൾ അനുഗ്രഹീതമാകുന്നു. ജനങ്ങളിൽ അവനോടു താൽപര്യം ജനിക്കുമാറ് അവന് ശക്തി നൽകപ്പെടുന്നു. എന്നാൽ, പാപവൃത്തികളിലൂടെ ഒരു വ്യക്തിയുടെ ഹൃദയവും മുഖവും കളങ്കിതമാകുന്നു. അവന്റെ ഖബറിലും ഇരുട്ട് പരക്കും. അലസനായി ജീവിതം കഴിച്ചു കൂട്ടുന്നവന്റെ അന്നപാനീയങ്ങളിൽ അനുഗ്രഹം ചൊരിയപ്പെടുന്നില്ല. ജനങ്ങൾക്ക് ഒരു താൽപര്യവും അവന്റെ കാര്യത്തിൽ ഉണ്ടാവുകയില്ല."

അല്ലാഹുവിൽ നിന്ന് ഇറങ്ങികൊണ്ടിരിയ്ക്കുന്ന ദൈവീക അനുഗ്രഹങ്ങളെക്കുറിച്ച് നമ്മുടെ യുവാക്കൾ ബോധവാന്മാരാകണം. അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുന്ന സ്വഭാവം അവർ തങ്ങളിൽ വളർത്തിയെടുക്കണം. അല്ലാഹുവിനോട് നമ്മുക്കെങ്ങനെയാണ്. നന്ദി പ്രകടിപ്പിക്കാൻ കഴിയുക ? അവൻ നമുക്കായി നൽകിയിരിക്കുന്ന എല്ലാ കാര്യങ്ങളെ കരുതിയും നാം അവന് നന്ദി രേഖപ്പെടുത്തണം. നാം ഭൂമിയിൽ നേടിയിരിക്കുന്നതെല്ലാം തന്നെ അവന്റെ അനുഗ്രഹങ്ങളിൽപ്പെട്ടതാണ്. അല്ലാഹു (ത) നമുക്കായി ഇറക്കിതന്നിരിയ്ക്കുന്ന അനുഗ്രഹങ്ങൾ എണ്ണികണക്കാക്കുക സാധ്യമല്ല ഈ എല്ലാ അനുഗ്രഹങ്ങൾക്കും നാം അവനോട് പൂർണ്ണമായും കടപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തന്നെ, സമുന്നതനായ നമ്മുടെ നാഥൻ നാം കൃതാർത്ഥരും നന്ദി പ്രകടിപ്പിക്കുന്നവരും ആയി തീരണമെന്ന് ആഗ്രഹിക്കുന്നു. അല്ലാഹുവിനോടുള്ള നന്ദി നമ്മുക്ക് മൂന്നു വിധത്തിൽ പ്രകടിപ്പിക്കാം.

1. **നമ്മുടെ നാവ് കൊണ്ട്**

ഉദാഹരണത്തിനു, അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ തിരിച്ചറിഞ്ഞ്, അവയെപ്പറ്റി നാം ജനങ്ങളോട് പറയുക.

2. **നമ്മുടെ ഹൃദയം കൊണ്ട്**

നാവുകൊണ്ടുള്ള പ്രഖ്യാപനത്തിനപ്പുറം സർവ്വശക്തനായ അല്ലാഹുവിനോടുള്ള നന്ദി നമ്മുടെ ഹൃദയത്തിൽ ഒരു പ്രാർത്ഥനയായി രൂപം കൊള്ളണം. അതുകൊണ്ട്, നന്ദി പ്രകടനത്തിന്റെ അടിസ്ഥാനം ആഴത്തിലുള്ള ഹൃദയവികാരം ആയിരിയ്ക്കണം.

3. **നമ്മുടെ മുഴുവൻ ശരീരവുംകൊണ്ട്**

അല്ലാഹുവിന്റെ സന്തോഷം കരഗതമാക്കാനുള്ള പ്രവർത്തനങ്ങളിൽ നമ്മുടെ പൂർണ്ണ മനസ്സും ശരീരവും വ്യാവൃതമാക്കുക. അല്ലാഹുവിന്റെ അസുന്തിഷ്ടിയ്ക്ക് പാത്രമാവുന്ന കാര്യങ്ങലിൽ നിന്ന് പൂർണ്ണമായും വിട്ടു നിൽക്കുക. അത്തരം കാര്യങ്ങളിൽ നാം നമ്മുടെ നാവും ചെവികളും കണ്ണുകളും പരിശുദ്ധമായി സൂക്ഷിക്കണം. അല്ലാഹു വെറുക്കുന്നതും വിശ്വാസികൾക്കു വിരോധിച്ചിട്ടുള്ള തുമായ സംഗതികളിൽ നിന്നു ശാരീരിക അവയവങ്ങളെ സംരക്ഷിയ്ക്കാൻ ഇതു വഴി കഴിയും.

സർവ്വശക്തനായ അല്ലാഹുവിനോട് അനുസരണം പുലർത്തുക. നമ്മുടെ ഹൃദയത്തിന്റേയും മുഴുവൻ ശാരീരികാവയവങ്ങളുടേയും കീഴ് വണക്കം മുഖേനെ അവനോടുള്ള നന്ദിയും കൃതാർത്ഥതയും പ്രകാശിതമാക്കുക. അതായത്, അല്ലാഹുവിന്റെ കണ്ണുകളിൽ വെറുപ്പുളവാകുന്ന പ്രവർത്തികൾ ചെയ്യുന്നവർ അവനോടുള്ള നന്ദി ഹൃദയത്തിൽ സൂക്ഷിക്കാത്തവർ ആണെന്നർത്ഥം. മഹോന്നതനായ അല്ലാഹു (ത) പറയുന്നു: “ നിങ്ങൾ നന്ദി കാട്ടുമെങ്കിൽ, തീർച്ചയായും നാം നിങ്ങൾക്ക് വർദ്ധനവ് നൽകും, നിങ്ങൾ നന്ദികേടു കാട്ടുമെങ്കിൽ എന്റെ ശിക്ഷ തികച്ചും കഠിനതരം ആയിരിയ്ക്കും.” (14 : 8)

നമ്മുടെ ഹൃദയത്തിൽ അല്ലാഹുവിനോടു നന്ദിയുണ്ടാകുമ്പോൾ, അതു നാവുകൊണ്ടും മറ്റു രീതികളിലും പ്രവർത്തനങ്ങളിലും സ്വഭാവ വൈശിഷ്ട്യങ്ങളിലും പ്രകാശിതമാക്കാൻ പ്രയാസമുണ്ടാവുകയില്ല. ഇഹലോകത്തും പരലോകത്തും മോക്ഷത്തിന്റെ പാത നമ്മുക്കായി തുറക്കപ്പെടുന്നത് ഇങ്ങനെയാണ്.

അല്ലാഹുവേ ! ദൈവസ്മരണയിലും നന്ദി പ്രകടനത്തിലും നല്ല ആരാധനാ ക്രമങ്ങളിലും മുഴുകുന്നവരാക്കി ഞങ്ങളെ നീ മാറ്റേണമേ. അല്ലാഹുവേ ! നീ ഈ കാലത്തിറയ്ക്കിയ ദൈവീക പ്രഭാവത്തിൽ ഉറച്ചു നിൽക്കുന്നവരാക്കേണമേ. ഇസ്ലാമിന്റെ പുരോഗതിയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന കപടവിശ്വാസികളും അവിശ്വാസികളും ആയ വ്യക്തികളെ ഞങ്ങളിൽ നിന്നകറ്റേണമേ! അല്ലാഹുവേ ! എന്റെ അനുചരന്മാരെ ദീനിന്റെ യഥാർത്ഥ പടയാളികളും ആത്മാർത്ഥ സേവകരും ആക്കുകയും അവരെ പരിശുദ്ധരാക്കുകയും ചെയ്യേണമേ! മഹോന്നത ഉത്തരവാദിത്വങ്ങളും കഠിന പരീക്ഷണങ്ങളും ഒരു ചെറു പുഞ്ചിരിയോടെ നിർവ്വഹിക്കുവാനും അവരെ പ്രാപ്തരാക്കേണമേ ! അല്ലാഹുവിലും അവന്റെ ഈ വിനീത ദാസനിലും യഥാർത്ഥ വിശ്വാസം അവരുടെഹൃദയത്തിൽ അങ്കുരിപ്പിക്കുകയും ചെയ്യേണമേ. ആമീൻ.

Friday Sermon of 10 December 2010,
Delivered by : **HAZRAT MUNIR AHMAD AZIM**, ***Khalifathullah***
Translated by **R. Fazil Jamal**

**Issued by** : Jamaludin Raother,
Amir, Jamaat Ul Sahih Al Islam, Kerala